
ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"രക്ഷ യേശുവിലൂടെ"

(തിരുവചന ചിന്തകൾ)

AUGUST
2025

CONTENTS

- **ആമുഖം** Page - 03
- **തിരുവചന ചിന്തകൾ :**
  "രക്ഷ യേശുവിലൂടെ " Page - 05
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 24

ആമുഖം

ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ.

Divine Scrolls എന്ന ഈ മാഗസീനിലൂടെ കഴിഞ്ഞ നാളുകളിൽ നാം പല ക്രിസ്തീയ ആത്മീയ വിഷയങ്ങളെക്കുറിച്ചു പങ്കുവയ്ക്കുകയും അവയിലൂടെ കുറച്ചുപേർക്കെങ്കിലും യഥാർത്ഥ ക്രിസ്തീയ ആത്മീയ ജീവിതത്തെക്കുറിച്ച് ചില നല്ല കാഴ്ചപ്പാടും ബോധ്യവും കൊടുക്കുവാൻ ദൈവത്താൽ സാധിച്ചുവെന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്.

ഈ ലക്കം മുതൽ അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങളിൽ ഊന്നിയുള്ള ചില ചിന്തകൾ പങ്കുവയ്ക്കുവാൻ കർത്താവിൽ ആഗ്രഹിക്കുന്നു. പ്രാരംഭമായി, ക്രിസ്തീയ ആത്മീയ ജീവിതത്തിൽ നാം അറിഞ്ഞും മനസ്സിലാക്കിയുമിരിക്കേണ്ടുന്ന 'രക്ഷയെ' സംബന്ധിക്കുന്ന ഉപദേശങ്ങൾ (Biblical Doctrine) പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തുടർന്നുള്ള ലക്കങ്ങളിലും ഇതിന്റെ തുടർച്ച ചെയ്യണമെന്ന് കർത്താവിൽ ഞങ്ങൾ ശരണപ്പെടുന്നു.

Divine Scrolls എന്ന ഈ ഓൺലൈൻ മാഗസിനിലൂടെ ലക്ഷ്യം വയ്ക്കുന്നതു ഏതെങ്കിലും രീതിയിലുള്ള പ്രശസ്തിയോ അംഗീകാരങ്ങളോ സഭാപരമായോ അല്ലാത്തതോ ആയ 'ഗൂഢലക്ഷ്യങ്ങളോ' അല്ല എന്നത് ഈ അവസരത്തിൽ ഒരിക്കൽക്കൂടി സ്നേഹത്തിൽ ഓർമിപ്പിച്ചുകൊള്ളട്ടെ. മറിച്ചു, ദൈവവചനം എന്തു നമ്മെ പഠിപ്പിക്കുകയും ദൈവാത്മാവ് ദൈവവചനത്തിലൂടെ എന്തെല്ലാം ബോധ്യങ്ങൾ ഈ കാലഘട്ടത്തിൽ നമുക്കു നൽകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്നതാണ് നാം എല്ലായ്പ്പോഴും ചിന്തിക്കുന്നത്. നാം ആയിരിക്കുന്ന വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ എപ്രകാരം ദൈവവുമായി വ്യക്തിബന്ധം ആത്മാവിനാൽ പുലർത്താം എന്നതും ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥലങ്ങളിൽ പദവികളിൽ നിന്നുകൊണ്ട് യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെ സത്യസുവിശേഷത്തിലൂടെയും അപ്പോസ്തോലിക ഉപദേശങ്ങളിലൂടെയും മറ്റുള്ളവരിലേക്ക് ദൈവാത്മാവിനാൽ നൽകാം എന്നുള്ളതുമാണ് ഈ ഒരു ഉദ്യമത്തിലൂടെ ഞങ്ങൾ പ്രാർത്ഥിച്ചു ചെയ്യുവാൻ ആഗ്രഹിക്കുന്നത്.

Pentecostal Messengers
Bristol

ഈ മാഗസിൻ എത്രയധികം ആളുകൾ വായിക്കുന്നു എന്നതിലല്ല ഞങ്ങൾ ശ്രദ്ധ വയ്ക്കുന്നത് പ്രത്യുത, വായിക്കുന്നതു ഒരു വ്യക്തി മാത്രമായിരുന്നാലും ആ ഒരേയൊരു വ്യക്തിയിലൂടെ ദൈവം പതിനായിരങ്ങളെ ദൈവാത്മാവിൽ സ്പർശിക്കണം എന്നതാണ്. ആയിരങ്ങൾ വായിച്ചിട്ടും അവർ ദൈവത്തിനായി ശോഭിക്കുന്നില്ലെങ്കിൽ എണ്ണംകൊണ്ട് എന്തു കാര്യം ?

ഇതേതെങ്കിലുമൊരു പ്രത്യേക വിശ്വാസസമൂഹത്തെ ഉദ്ദേശിച്ചു എഴുതുന്നവയല്ല എന്ന് വിനയത്തോടെ ഓർമിപ്പിച്ചുകൊള്ളട്ടെ. എന്നാൽ പാപത്തിൽനിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും നമ്മെ നിത്യമായും പൂർണ്ണമായും സൗജന്യമായി വീണ്ടെടുത്ത ഒരേയൊരു രക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും ഇതിലെ വാക്കുകൾ അനുഗ്രഹമാകുമെന്നത് തീർച്ച. കാരണം ദൈവത്തിൽനിന്നുള്ള രക്ഷ യഹൂദനുമാത്രമോ ക്രിസ്ത്യാനിക്ക് മാത്രമോ ഏതെങ്കിലുമൊരു പ്രത്യേക സഭയ്ക്കോ മാത്രമല്ല, യേശുവിലൂടെയുള്ള രക്ഷ ലോകത്തിലെ സകല ജനത്തിനും വേണ്ടിയുള്ളതാണ്. ഈ രക്ഷയുടെ സന്ദേശമാണ് സുവിശേഷത്തിലൂടെ നാം പങ്കുവയ്ക്കേണ്ടുന്നതും പ്രാർത്ഥനയിൽ വഹിക്കേണ്ടുന്നതും.

ഈ മാഗസിനിൽ തെറ്റ് എന്ന് നിങ്ങൾക്കു തോന്നുന്ന സകല കാര്യങ്ങളും തുറന്നു പറയുവാൻ ഇതിന്റെ ഓരോ വായനക്കാർക്കും അവകാശമുണ്ട്. അവയെക്കുറിച്ചുള്ള യഥാർത്ഥ ബോധ്യം പറഞ്ഞുനൽകുവാനും മറ്റു ചിന്തകൾ പങ്കുവയ്ക്കുവാനുമുള്ള ഉത്തരവാദിത്വം ദൈവം നിങ്ങളിൽ നൽകിയിരിക്കുന്നു. ഇതുവരെ നിങ്ങൾ നൽകിയ എല്ലാ പ്രതികരണങ്ങൾക്കും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് ദൈവത്തിന്റെ ദാനമായ രക്ഷയെക്കുറിച്ചുള്ള ഈ പരമ്പര നിങ്ങൾക്കുമുന്പിൽ പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

ക്രിസ്തുവിൽ,

Pr. **ജിബി തോമസ്** & **ഷെറിൻ ജിബി**.
Divine Hope Missionaries Church, Bristol (UK).

രക്ഷ യേശുവിലൂടെ

(തിരുവചന ചിന്തകൾ)

എന്താണ് രക്ഷ ?

പാപത്തിന്റെ അടിമത്വത്തിൽനിന്നുള്ള വിടുതലും സ്വാതന്ത്ര്യവുമാണ് രക്ഷ എന്ന വാക്കുകൊണ്ട് ദൈവ വചനത്തിൽ വിവക്ഷിക്കുന്നത്.
പാപമെന്നതോ ദൈവ കല്പനകളുടെ ലംഘനമാണ്, അഥവാ ദൈവത്തോടുള്ള മനുഷ്യന്റെ അനുസരണക്കേടിനെയാണ് പാപമെന്നു ദൈവ വചനം വിളിക്കുന്നത്. ഒന്ന് കൂടി വിശദീകരിച്ചാൽ, ദൈവം കല്പിച്ചവയുടെ/ദൈവ വചനത്തിന്റെ/ദൈവ പദ്ധതിയുടെ ലംഘനമാണ് പാപം. ഒപ്പം, ദൈവയിഷ്ടത്തിനു വിരോധമായ സകലവും (അത് പ്രവൃത്തിയാവാം ചിന്തയാവാം വികാരവിചാരങ്ങളാവാം വാക്കുകളാവാം നിരൂപങ്ങളാവാം ആലോചനകളാവാം ഇഷ്ടാനിഷ്ടങ്ങളാവാം, മാനുഷികങ്ങളോ അമാനുഷികങ്ങളോ ആയ ദൈവത്തിൽനിന്നും അല്ലാതെവരുന്ന സകലവും ..) പാപമാണ്.

മനുഷ്യൻ പാപിയാണോ?

റോമർ 3:9-18
9 ആകയാൽ എന്ത്? നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല;
യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻകീഴാകുന്നു എന്നു നാം
മുമ്പേ തെളിയിച്ചുവല്ലോ;
10 “നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല.
11 ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല.
12 എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ
ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല.
13 അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ട് അവർ ചതിക്കുന്നു;
സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ട്.
14 അവരുടെ വായിൽ ശാപവും കയ്പും നിറഞ്ഞിരിക്കുന്നു.
15 അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു.
16 നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്.
17 സമാധാനമാർഗം അവർ അറിഞ്ഞിട്ടില്ല.
18 അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല”
എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ.

Bethel Home MISSIONARIES
BRISTOL

അതെ, മനുഷ്യൻ ജനനം മുതൽക്കേ പാപിയാണ്. ഒരു മനുഷ്യനും താൻ പാപം ചെയ്തതുകൊണ്ടല്ല പാപിയായിത്തീരുന്നത് മറിച്ചു, മനുഷ്യൻ 'പാപിയായതുകൊണ്ടാണ്' പാപം ചെയ്യുന്നത്. അങ്ങനെയെങ്കിൽ ആ പാപം എവിടെനിന്നും മനുഷ്യരാശിയിലേക്കും നമ്മിലേക്കും വന്നു?

റോമർ 5 :12
12 അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും
ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം
സകലമനുഷ്യരിലും പരന്നിരിക്കുന്നു.

ഒരു വ്യക്തിയുടെ (ഏകനാൽ) പാപവും മരണവും ലോകത്തിലേക്ക് (സകല മനുഷ്യരിലേക്കും) കടന്നുവന്നുവെന്നു ഈ തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു. ആ ഏകൻ ആദ്യ മനുഷ്യനായ ആദമാണ്.

ഉല്പത്തി 1:26-27
26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം
മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും
ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും
സർവഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ
എന്നു കല്പിച്ചു.
27 ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു,
ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി
അവരെ സൃഷ്ടിച്ചു.

<u>ആദമിലൂടെ പാപവും യേശുക്രിസ്തുവിലൂടെ ജീവനും .</u>

ദൈവം ആദമിനെ സൃഷ്ടിച്ചത് ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ്. എന്നാൽ, ദൈവത്തിന്റെ സൃഷ്ടിയായ മകനായ ആദം ദൈവത്തോട് ചെയ്ത അനുസരണക്കേടുനിമിത്തം താൻ ചെയ്ത പാപം സകലരിലേക്കും പടർന്നു. കാരണം ആദമിലൂടെയാണ് സകലജനവും ഓരോ തലമുറയായി നാം ഇന്ന് കാണുംവണ്ണം ലോകത്തിൽ പെരുകി നിറഞ്ഞിരിക്കുന്നത്. ഓരോ തലമുറയിലേക്കും ആദമിലൂടെ പാപം പടർന്നുകൊണ്ടേയിരുന്നു. അതിനാൽ പാപം സകല ജഡത്തിലും എന്നും

വാഴുന്നു. എന്നാൽ സകല മാനവരാശിയിലേക്കും പടർന്നിരുന്ന ഈ 'പാപത്തിന്റെ വേരിനെയും അതിന്റെ ഫലമായ മരണത്തെയും' അറുത്തുകളയുവാൻ ദൈവം തന്റെ ഏകപുത്രനെ ഭൂമിയിലേക്ക് അയച്ചു.

യോഹന്നാൻ 3:16
16 തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും
നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ
നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

മനുഷ്യന്റെ വീണ്ടെടുപ്പിനായുള്ള ദൈവത്തിന്റെ ഈ രക്ഷാകര പദ്ധതി (Salvation)സകല മനുഷ്യരോടുമുള്ള ദൈവത്തിന്റെ സ്നേഹത്തെ പ്രസിദ്ധമാകുന്നു. മനുഷ്യൻ എന്ന തന്റെ സൃഷ്ടിയെ തന്റെ മക്കളാക്കിത്തീർക്കുന്ന ആ സ്നേഹമാണ് ദൈവം കരുണയാൽ നമ്മിൽ ചെയ്ത ആ വീണ്ടെടുപ്പ് (redemption).

യേശുക്രിസ്തു പൂർത്തിയാക്കിയ വീണ്ടെടുപ്പാണ് മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയ്ക്കു അടിസ്ഥാനം. ആ വീണ്ടെടുപ്പിനായി ആദിമുതൽക്കേ ദൈവത്തോടുകൂടെ വചനമായിരുന്നവൻ മാംസരക്തങ്ങളോടുകൂടിയ ജഡം ധരിച്ചുകൊണ്ട് ഈ ഭൂമിലേക്കു വന്നു. ആ ജീവന്റെ വചനമാണ് നമ്മുടെ നിത്യജീവനായിത്തീർന്ന യേശുക്രിസ്തു.

യോഹന്നാൻ 1:1-4
ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു;
വചനം ദൈവം ആയിരുന്നു.
2 അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു.
3 സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ
കൂടാതെ ഉളവായതല്ല.
4 അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.

മനുഷ്യന്റെ വീണ്ടെടുപ്പിനായി ദൈവം ചെയ്ത ഈ രക്ഷാകര പദ്ധതിയിൽ ദൈവം തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുവാൻ കാരണമെന്തെന്നാൽ, പാപത്തെയും മരണത്തെയും ജയിപ്പാൻ അവയുടെമേൽ അധികാരം ഉള്ള ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാലാണ്. മാത്രമല്ല, ദൈവത്തിനു തന്റെ സൃഷ്ടിയായ മറ്റൊന്നുകൊണ്ടും മനുഷ്യന്റെ പാപത്തെ പൂർണ്ണമായും കഴുകുക സാധ്യമല്ല. കാരണം ആദത്താൽ പടർന്നിരുന്നു മരണത്തെ ജയിക്കുവാൻ അതേമരണത്തിൻകീഴിലുള്ള മനുഷ്യനെ ഉപയോഗിക്കുക അസാധ്യം. അതുകൊണ്ടു ദൈവമായവൻ മനുഷ്യ ശരീരം എടുത്തുകൊണ്ടു ഈ ഭൂമിയിലേക്ക് ഇറങ്ങിവന്നു.

എബ്രായർ 2:14-18
14 മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും
അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ
അധികാരിയായ പിശാചിനെ
15 തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ
അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.
16 ദൂതന്മാരെ സംരക്ഷണചെയ്വാനല്ല അബ്രാഹാമിന്റെ സന്തതിയെ
സംരക്ഷണ ചെയ്വാനത്രേ അവൻ വന്നതു.
17 അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ
അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ
വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിന്നു സകലത്തിലും തന്റെ
സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു.
18 താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ
പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.

ഏകനായ ആദം ചെയ്ത അനുസരണക്കേടിന്റെ സകല പ്രതിഫലങ്ങളും പാപത്തിന്റെ ഓർമ്മപോലും ഛേദിച്ചുകളഞ്ഞുകൊണ്ടു മറ്റൊരു ഏകൻ (യേശുക്രിസ്തു) ദൈവത്തോടുള്ള തന്റെ അനുസരണം പൂർണ്ണമായും ചെയ്തു. ആ അനുസരണമോ, തന്നെത്താൻ ഒരു ബലിയായി കാൽവരി ക്രൂശിൽ നമുക്കുവേണ്ടി തന്റെ രക്തം ചൊരിഞ്ഞുകൊണ്ടു മരണത്തോളം നമ്മെ ഓരോരുത്തരേയും സ്നേഹിച്ചുകൊണ്ടു പിതാവാം ദൈവത്തെ അനുസരിച്ചതുതന്നേ..

റോമർ 5:17-19
17 ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ
കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധിലഭിക്കുന്നവർ യേശുക്രിസ്തു
എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.
18 അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും
ശിക്ഷാവിധിവന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും
ജീവകാരണമായ നീതീകരണവും വന്നു.
19 ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ
പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ
നീതിമാന്മാരായിത്തീരും.

ആദം ചെയ്ത പാപത്തിന്റെ ശിക്ഷ യേശുക്രിസ്തു തന്റെമേൽ വഹിച്ചു. പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും നമ്മെ ഓരോരുത്തരെയും മോചിപ്പിക്കുവാനും യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നമുക്കോരോരുത്തർക്കും പുതുജീവൻ നൽകുവാനും ദൈവം ക്രൂശിക്കപ്പെട്ട യേശുവിനെ നമ്മുടെ രക്ഷക്കായി സ്വർഗ്ഗത്തിനും ഭൂമിയ്ക്കും മദ്ധ്യേ ക്രൂശിൽ ഉയർത്തി.

റോമർ 3:23-26
23 ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു
ഇല്ലാത്തവരായിത്തീർന്നു,
24 അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം
സൌജന്യമായത്രേ നീതീകരിക്കപ്പെടുന്നതു.
25 വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം
പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി
നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ
ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ,
26 താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും
ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ
അങ്ങനെ ചെയ്തതു.

രക്ഷിക്കപ്പെട്ടുവാൻ എങ്ങനെ കഴിയും ?

പ്രവൃത്തികൾ 16:30-31
30 അവരെ പുറത്തു കൊണ്ടുവന്നു: യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു.
31 കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു.

യേശുക്രിസ്തുവിലൂടെ മാത്രം ലഭ്യമാകുന്ന രക്ഷയുടെ അനുഭവത്തിലേക്കു കടക്കുവാൻ രണ്ടു പ്രധാന കാര്യങ്ങൾ ആവശ്യമെന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

1) **നമ്മുടെ പാപം ഏറ്റുപറയുക.**
1 യോഹന്നാൻ 1:9-10
9 നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.
10 നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.

2) **മാനസാന്തരം.**
പ്രവൃത്തികൾ 17:30
30 എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.

പ്രവൃത്തികൾ 3:19-20
19 ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു
20 ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയക്കയും ചെയ്യും.

രക്ഷയുടെ അനുഭവത്തിലേക്ക് നമ്മെ നടത്തുന്നതും രക്ഷ നമുക്കു ദാനമായി നൽകുന്നതും യേശുക്രിസ്തുവിലൂടെ ദൈവം മാത്രം ചെയ്യുന്ന പ്രവൃത്തിയാണ്. യേശുവിൽ നാം വച്ചിരിക്കുന്ന വിശ്വാസത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്, മാനുഷികമല്ല എന്ന് സാരം.

ഫിലിപ്പിയർ 2:12-13
12 അതുകൊണ്ടു, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും
അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു
ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും
കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ.
13 ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ
തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു

എബ്രായർ 12:2
2 വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ
നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ
അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും
ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.

യേശുക്രിസ്തുവിലൂടെ സൗജന്യമായ രക്ഷയാണ് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നത്. മനുഷ്യൻ ചെയ്യുന്ന (ചെയ്തുകൊണ്ടിരിക്കുന്നതോ ചെയ്തതോ ചെയ്യുവാൻ പോകുന്നതോ ആയ ഒന്നിനാലും) ഒരു പ്രവൃത്തിയാലും നാം ദൈവത്തിന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല. അതുകൊണ്ടു പാപത്തിൽനിന്നുമുള്ള രക്ഷ നാം പ്രാപിക്കുന്നത് ഏതെങ്കിലുമൊരു കർമ്മത്തിലൂടെയല്ല (പ്രവൃത്തികളിലൂടെയല്ല), അപ്പോൾത്തന്നെ രക്ഷ ദൈവത്തിൽനിന്നുമുള്ള ദൈവത്തിന്റെ ധനമത്രേ ആകയാൽ, നമ്മുടെ (മനുഷ്യന്റെ) പ്രവൃത്തികളാൽ നേടുവാൻ കഴിയാത്ത ഈ രക്ഷ യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്താൽ മാത്രമാണ് സംഭവിക്കുന്നത്. രക്ഷ കർമത്തിലൂടെയല്ല നമുക്ക് ലഭിക്കുന്നത് വിശ്വാസത്താലത്രേ.

റോമർ 3:27-30
27 ആകയാൽ പ്രശംസ എവിടെ? അതുപൊയ്പോയി. ഏതു മാർഗ്ഗത്താൽ? കർമ്മ മാർഗ്ഗത്താലോ? അല്ല, വിശ്വാസമാർഗ്ഗത്താലത്രേ.
28 അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു.
29 അല്ല, ദൈവം യെഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതേ ജാതികളുടെയും ദൈവം ആകുന്നു.
30 ദൈവം ഏകനല്ലോ; അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു.

ദൈവം മോശമുഖാന്തരം നൽകിയ ന്യായപ്രമാണത്തിലൂടെ (കല്പനകളിലൂടെ) ജനത്തിന് പാപമോചനമല്ല വരുന്നത് പാപത്തെക്കുറിച്ചുള്ള അറിവാണ് വരുന്നത് (എന്താണ് പാപം എന്നുള്ള ബോദ്ധ്യം). എന്നാൽ ദൈവം നൽകിയ ആ ന്യായപ്രമാണം ഒരുനാളും വികലമോ പോരായ്മനിറഞ്ഞതോ അല്ല. കാരണം ദൈവം മോശമുഖാന്തിരം നൽകിയ ആ ന്യായപ്രമാണം പാപത്തെക്കുറിച്ചു ജനത്തിന് ബോധ്യം വരുത്തുമെങ്കിലും ആ ന്യായപ്രമാണത്തിനെ (കല്പനകളെ) പൂർണ്ണതയോടു അനുസരിക്കുവാൻ ഒരേയൊരുവനു മാത്രമേ കഴിയുകയുള്ളൂ. അത് നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുവിനുമാത്രമാണ്. അതുകൊണ്ടുതന്നെ, ന്യായപ്രമാണം നൽകപ്പെട്ട യഹൂദ (ഇസ്രായേൽ) ജനതയ്ക്കും മറ്റു സകല ജനത്തിനും (ജാതികൾക്കും/വിജാതിയാർക്കും) രക്ഷ ലഭിക്കേണമെങ്കിൽ യേശുക്രിസ്തുവിലെ വിശ്വാസം ആവശ്യമാണ്. അതിനാൽ, പാപത്തെക്കുറിച്ചു ബോധ്യം നൽകുന്ന ന്യായപ്രമാണത്തിന്റെ പൂർത്തീകരണമായ യേശുക്രിസ്തുവിലൂടെ ഭൂമിയിലെ സകല ജനവും രക്ഷ അനുഭവിക്കേണ്ടിയിരിക്കുന്നു.

റോമർ 3:19-22
19ന്യായപ്രമാണം പറയുന്നത് എല്ലാം ന്യായപ്രമാണത്തിൻകീഴുള്ളവരോടു പ്രസ്താവിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞു സർവലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായിത്തീരേണ്ടതത്രേ. 20അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്.

DIVINE HOPE MISSIONARIES BRISTOL

21ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും
യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതിതന്നെ,
ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു.
22അതിനു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.

റോമർ 3:31
31 ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ
ദുർബ്ബലമാക്കുന്നുവോ? ഒരു നാളും ഇല്ല; നാം ന്യായപ്രമാണത്തെ
ഉറപ്പിക്കയത്രേ ചെയ്യുന്നു.

അതിനാൽ ദൈവം നൽകിയ ആ നല്ല ന്യായപ്രമാണം യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടുകയും ആ യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവം ദൈവത്തിന്റെ നീതിയെ 'യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ' നേടിയെടുക്കുവാൻ / പൂർത്തീകരിക്കുവാൻ കൃപ നൽകുകയും ചെയ്യുന്നു.

ദൈവത്തിന്റെ നീതി യേശുക്രിസ്തുവിലൂടെ എന്റെ നീതിയായി മാറുകയും പാപിയായ ഞാൻ ദൈവത്തിന്റെതന്നേ നീതിയാൽ നീതികരിക്കപ്പെടുകയും ചെയ്യുന്നു.

റോമർ 3:30
30 ദൈവം ഏകനല്ലോ; അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും
വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു.

റോമർ 4:16-25
16 അതുകൊണ്ടു കൃപാദാനം എന്നു വരേണ്ടതിന്നു വിശ്വാസത്താലത്രേ
അവകാശികൾ ആകുന്നതു; വാഗ്ദത്തം സകലസന്തതിക്കും,
ന്യായപ്രമാണമുള്ളവർക്കു മാത്രമല്ല, അബ്രാഹാമിന്റെ
വിശ്വാസമുള്ളവർക്കും കൂടെ ഉറപ്പാകേണ്ടതിന്നു തന്നെ.
17 മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും
ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ
നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ
ബഹുജാതികൾക്കു പിതാവാക്കിവെച്ചു" എന്നു എഴുതിയിരിക്കുന്നുവല്ലോ.

DIVINE HOPE MISSIONARIES
BRISTOL

18 “നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു
അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും
എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.
19 അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം
നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും
ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല.
20 ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ
വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു,
21 അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു
പൂർണ്ണമായി ഉറെച്ചു.
22 അതുകൊണ്ടു അതു അവന്നു നീതിയായി കണക്കിട്ടു.
23 അവന്നു കണക്കിട്ടു എന്നു എഴുതിയിരിക്കുന്നതു അവനെ വിചാരിച്ചു
മാത്രം അല്ല,
24 നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം
മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി
ഉയിർപ്പിച്ചുമിരിക്കുന്ന
25 നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ
വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ.

യേശുക്രിസ്തുവിലൂടെ ഇപ്രകാരം നാം വിശ്വാസത്താൽ നീതികരിക്കപ്പെടുമ്പോൾ, നാം നമ്മുടെ രക്ഷനായകനായ യേശുക്രിസ്തുവിലൂടെ, ദൈവത്തോടുള്ള ശത്രുത്വം നീങ്ങി ദൈവമക്കളെന്ന പദവിയിലേക്കും ദൈവീക സമാധാനത്തിലേക്കും കടക്കുന്നു.ഈ സമാധാനം ദൈവത്തിങ്കല്നിനും ലഭിക്കുകയാൽ മറ്റാർക്കും ഇത് നീക്കുവാൻ കഴിയുകയില്ല. ഇവിടെ നാം നമ്മുടെ ക്രിസ്തുവിലെ യഥാർത്ഥ ആത്മീയ ജീവിതം തുടങ്ങുകയായി.

റോമർ 5:1-2
1 വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ
യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു.
2 നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ
പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ
പ്രശംസിക്കുന്നു.

രക്ഷ എന്നത് എല്ലായ്പ്പോഴും വ്യക്തിപരമാണ്. യേശുവിനെ സ്വന്തം ജീവിതത്തിൽ തന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചുകൊണ്ട് ഓരോ വ്യക്തിയും വ്യക്തിപരമായി നടത്തേണ്ടുന്ന വിശ്വാസത്തിന്റെ പ്രവൃത്തിയാണ് രക്ഷ എന്നത്. ഇതൊരു വാക്കിന്റെ പ്രവൃത്തിയല്ല പ്രത്യുത, എന്റെ പാപത്തിൽനിന്നും പാപം മൂലം കടന്നുവന്ന മരണശിക്ഷയിൽനിന്നും ദൈവത്തിന്റെ ഭവനത്തിലേക്ക് ദൈവത്തിന്റെ മകനായി / മകളായി തീരുവാനുള്ള ഉറച്ച തീരുമാനവും ദൈവത്തോടുള്ള സമർപ്പണവുമാണ്.

റോമർ 10
9 യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.
10 ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു.

രക്ഷയെക്കുറിക്കുന്ന മൂന്നു കാലങ്ങൾ

യേശുക്രിസ്തുവിലൂടെമാത്രം ലഭ്യമാകുന്ന രക്ഷയെക്കുറിക്കുന്ന അഥവാ രക്ഷയെസംബന്ധിച്ചു നാം മനസ്സിലാക്കേണ്ടുന്ന മൂന്നു കാലങ്ങൾ അഥവാ മൂന്നു തലങ്ങൾ ഉണ്ട്.

1. **രക്ഷയുടെ ഭൂതകാലം** (Past tense)
2. **രക്ഷയുടെ വർത്തമാന കാലം** (Present tense)
3. **രക്ഷയുടെ ഭാവികാലം** (Future tense)

മേൽപ്പറഞ്ഞ മൂന്ന് രക്ഷയുടെ തലങ്ങളെക്കുറിച്ചു (കാലങ്ങൾ) നമുക്കു ചിന്തിക്കാം. ഇതിലൂടെ, ഒരു വ്യക്തിയുടെ ദേഹം, ദേഹി, ആത്മാവ് എന്ന വ്യത്യസ്ത തലങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, അവ നമ്മുടെ ആത്മീയ ജീവിതത്തിനു നൽകുന്ന പുതുക്കാം എന്നിവ ലളിതമായി ചിന്തിക്കാം.

1. **<u>രക്ഷയുടെ ഭൂതകാലം</u>** <u>(Past tense)</u>

- യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും നാഥനുമായി സ്വീകരിച്ചുകൊണ്ട് രക്ഷയിലേക്കു കടന്നുവരുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന ആദ്യ രക്ഷയുടെ അനുഭവമാണ് രക്ഷയുടെ ഭൂതകാലം എന്നതിൽ അർത്ഥമാക്കുന്നത്.
- ഇവിടെ രക്ഷ സംഭവിക്കുന്നത് എന്റെ ആത്മാവിലാണ് (Spirit).
- പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നുള്ള രക്ഷയെ ഇത് കുറിക്കുന്നു.(Saved from the PENALTY of sin (in hell).
- യേശുക്രിസ്തുവിന്റെ നീതി എന്റെ നീതിയായി മാറുന്നു. അങ്ങനെ യേശുവിലൂടെയുള്ള വിശ്വാസത്താൽ ഞാൻ ദൈവത്തോട് നീതികരിക്കപ്പെടുന്നു. അതുകൊണ്ടു ഈ അനുഭവത്തെ 'നീതീകരണം' (Justification) എന്ന് വിളിക്കുന്നു.
- ഇവിടെ എന്റെ നന്മ പ്രവൃത്തികളോ മറ്റൊന്നുംകൊണ്ടോ നാം നീതികരിക്കപ്പെടുന്നില്ല. 'യേശുവിലൂള്ള വിശ്വാസത്താൽ മാത്രം നാം സൗജന്യമായി നീതികരിക്കപ്പെടുന്നു (രക്ഷിക്കപ്പെടുന്നു)'.
- യേശുക്രിസ്തുവിനെ എന്റെ രക്ഷകനായി ഞാൻ പൂർണഹൃദയത്തോടെ വിശ്വസിക്കുന്ന ആ സമയം (happens at a point of time) ഈ നീതീകരണം സംഭവിക്കുന്നു. (When you trust in Christ alone.)
- തിരുവചന ഭാഗങ്ങൾ -

യോഹന്നാൻ 3:17
17 ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.

തീത്തൊസ്3:5
5 അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു.

എഫെസ്യർ 2:8-9
8 കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.
9 ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.

ലൂക്കോസ്
50 അവനോ സ്ത്രീയോടു: “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക” എന്നു പറഞ്ഞു.

2 തിമൊഥെയൊസ് 1:9-10
9 അവൻ നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ടു വിളിക്കയും ചെയ്തതു നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകലകാലത്തിന്നും മുമ്പെ ക്രിസ്തുയേശുവിൽ നമുക്കു നല്കിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും
10 സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിന്നും കൃപെക്കും ഒത്തവണ്ണമത്രേ.

1 കൊരിന്ത്യർ 1:21
21 ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി.

1. **<u>രക്ഷയുടെ വർത്തമാനകാലം</u>** <u>(Present tense)</u>

- യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവും നാഥനുമായി സ്വീകരിച്ചുകൊണ്ട് രക്ഷയിലേക്കു കടന്നുവന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന രക്ഷയുടെ തുടർന്നുള്ള അനുഭവമാണ് രക്ഷയുടെ വർത്തമാന കാലം എന്നതുകൊണ്ടു അർത്ഥമാക്കുന്നത്.
- ഇവിടെ നാം 'രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു' നമ്മുടെ ദേഹിയിലാണ് (Soul - Mind, thoughts, Character, behavior).

- അനുദിനം നാം ഈ ഭൂമിയിൽ ദൈവമഹത്വത്തിനായ് ദൈവയിഷ്ടത്തിൽ പ്രത്യാശയോടെ ജീവിക്കുമ്പോൾ നമ്മുടെ മുൻപിൽ കടന്നു വരുന്ന പാപത്തിന്റെ പരീക്ഷകളും പാപകരമായ സകല സാഹചര്യങ്ങളും ജയിക്കുവാനായി ദൈവം നമുക്കു ദാനമായിത്തന്ന പരിശുദ്ധാത്മാവോടുചേർന്നു ആത്മാവിൽ (ഇവിടെ നമ്മുടെ ആത്മാവും ദൈവാത്മാവും ചേർന്നുകൊണ്ട് ദൈവായിഷ്ടം ചെയ്യുന്നു) ആയിരുന്നുകൊണ്ട് 'പാപത്തിന്റെ ശക്തിയെ' ക്രിസ്തുവിൽനിന്നുകൊണ്ടു ജയിക്കുവാൻ ദൈവം നമ്മെ സഹായിക്കുന്നു. (Saved from the POWER of the sin (in our life)).
- ഒപ്പം ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ ഊന്നിയുള്ള വിശ്വാസത്താലുള്ള പ്രാർത്ഥന, വചന ധ്യാനം, ആത്മീയ കൂടിവരവുകൾ (church fellowship), ആരാധന, കർതൃമേശ എന്നിങ്ങനെ അപ്പോസ്തോലിക ഉപദേശങ്ങളിൽ അടിസ്ഥാനപ്പെട്ട ആത്മീയ ജീവിതം ഇവിടെ ആവശ്യമാണ്. ക്രിസ്തുവിലൂടെയുള്ള ആത്മീയ വളർച്ചയാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഇതേസമയം, നമ്മുടെ കർത്താവിന്റെ വേല ചെയ്യുവാനും അതിൽ വർദ്ധിച്ചുവരുവാനുമുള്ള ഹൃദയവും ഒരുക്കവും കൃപയും ദൈവം നല്കുകയും ചെയ്യും.
- യേശുക്രിസ്തുവിന്റെ വിശുദ്ധി എന്റെ വിശുദ്ധിയായി മാറുന്നു. അങ്ങനെ യേശുവിലൂടെയുള്ള വിശ്വാസത്താൽ ഞാൻ ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുന്നു. അതുകൊണ്ടു ഈ അനുഭവത്തെ 'വിശുദ്ധീകരണം' (Sanctification) എന്ന് വിളിക്കുന്നു.
- ഇവിടെ എന്റെ നല്ല പ്രവൃത്തികളോ മറ്റൊന്നുംകൊണ്ടോ നാം വിശുദ്ധീകരിക്കപ്പെടുന്നില്ല. 'യേശുവിലൂള്ള വിശ്വാസത്താൽ മാത്രം നാം സൗജന്യമായി വിശുദ്ധീകരിക്കക്കപ്പെടുന്നു (രക്ഷിക്കപ്പെടുന്നു)'.
- യേശുക്രിസ്തുവിനെ എന്റെ രക്ഷകനായി ഞാൻ പൂർണഹൃദയത്തോടെ വിശ്വസിക്കുന്ന ആ സമയം മുതൽ ആരംഭിക്കുന്ന ഈ വിശുദ്ധീകരണം എന്റെ മരണം വരെ അല്ലെങ്കിൽ കർത്താവിന്റെ രണ്ടാമത്തെ മടങ്ങിവരവുവരെ (happens over a process of time) ഈ വിശുദ്ധീകരണം എന്നിൽ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. (While we walk by faith by means of the Holy Spirit)
- തിരുവചന ഭാഗങ്ങൾ -

2 കൊരിന്ത്യർ 7:10
10 ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു.

1 തിമൊഥെയൊസ് 4:6
6 ഇതു സഹോദരന്മാരേ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ച വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ പോഷണം ലഭിച്ചു ക്രിസ്തുയേശുവിന്നു നല്ല ശുശ്രൂഷകൻ ആകും.

യാക്കോബ് 1:21
21 ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊൾവിൻ.

യാക്കോബ് 2:14
14 സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?

യാക്കോബ് 5:20
20 പാപിയെ നേർവ്വഴിക്കു ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ.

ഫിലിപ്പിയർ 2:12-13
12 അതുകൊണ്ടു, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ.
13 ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു.

DIVINE HOPE MISSIONARIES
BRISTOL

3. **രക്ഷയുടെ ഭാവികാലം** (Future tense)

- യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും നാഥനുമായി സ്വീകരിച്ചുകൊണ്ട് രക്ഷയിലേക്കു കടന്നുവന്ന ഒരു വ്യക്തിയുടെ തന്റെ ജീവിതം പരിശുദ്ധാത്മ നിറവിലും വചനത്തിന്റെ അടിസ്ഥാനത്തിലും ക്രിസ്തുവിന്റെ വിശുദ്ധിയിലും നിന്നുകൊണ്ട് വിശ്വസ്തതയോടെ വിശ്വാസത്തോടെ പ്രത്യാശയോടെ കർത്താവിങ്കലേക്കു (മരണത്താലോ കർത്താവിന്റെ രണ്ടാം വരവിനാലോ) ചേർക്കപ്പെടുന്ന രക്ഷയുടെ പൂർത്തീകരണാവസ്ഥയാണ് 'മഹത്വീകരണം/ തേജസ്കരണം' (Glorification).
- യേശുവിൽ വിശ്വസിക്കുന്ന നമ്മെ താൻ ഇരിക്കുന്ന അതേയിടത്തേക്കു, അതെ മഹത്വത്തിലേക്കു ദൈവം കൈക്കൊള്ളുന്ന ഈ അവസ്ഥ ദൈവം നമുക്കു വാഗ്ദത്തം ചെയ്തതിന്റെ നിവർത്തീകരണം കൂടിയാണ്.
- ഇവിടെ നാം 'മഹത്വീകരിക്കപ്പെടുന്നത്' നമ്മുടെ ശരീരത്തിലാണ് (തേജസ്സുള്ള ശരീരത്തിൽ) - (Body).
- ദൈവത്തിനായി കാത്തിരുന്ന കാലത്തിന്റെ അവസാനമായാണ് നാം മഹത്വീകരണത്തെ മനസ്സിലാക്കുന്നത്. ഇവിടെ നാം ദൈവത്തിങ്കലേക്കു ചേർക്കപ്പെടുന്നു. യേശു തന്റെ മഹത്വം നമുക്കായി ഇവിടെ നൽകുന്നു.
- മുൻപ് പാപത്തിന്റെ സാന്നിദ്ധ്യമുള്ള ലോകത്തു ക്രിസ്തുവിലാണ് നാം ജീവിച്ചിരുന്നത് എങ്കിൽ ഇവിടെ പാപത്തിന്റെ സാന്നിദ്ധ്യം അല്പമേയില്ലാത്തതും ദൈവത്തിന്റെ സാന്നിദ്ധ്യം മാത്രമുള്ളതുമായ സ്വർഗ്ഗത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. (Saved from the PRESENCE of sin (in Heaven).
- ഭൂമിയിലുള്ള നമ്മുടെ ആത്മീയ യാത്രയുടെ വിരാമവും വിശ്രമവുമാണ് ഇവിടെ സംഭവിക്കുന്നത്. ഈ മഹത്വീകരണത്തിലൂടെ നാം സ്വർഗ്ഗീയ മഹത്വത്തിലേക്കു നിത്യമായും പൂർണ്ണമായും ചേർക്കപ്പെടുന്നു. (happens at a point of time (when we die or are raptured).
- തിരുവചന ഭാഗങ്ങൾ -

റോമർ 5:8-9
8 ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.
9 അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും.

1 കൊരിന്ത്യർ 3:15
15 ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ.

1 തെസ്സലൊനീക്യർ 4:13-18
13 സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.
14 യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും.
15 കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു.
16 കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും.
17 പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.
18 ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.

1 കൊരിന്ത്യർ 15:51-53
51 ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം:
52 നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ
അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം
എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി
ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.
53 ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു
അമർത്യത്വത്തെയും ധരിക്കേണം.

പ്രിയരെ, നാം ഇപ്പോഴും കലങ്ങുന്ന ജീവിതത്തിൽ പാപത്തിൽ ഒഴുകിയും പ്രത്യാശ അസ്തമിച്ചും ലോകത്തിന്റെ ഇഷ്ടങ്ങളിലും ജീവിക്കുന്നവരാണോ ?
അതോ യേശുവിൽ വിശ്വസിക്കുകയും എന്നാൽ ദൈവത്തെ അനുസരിക്കുവാൻ കഴിയാതെ ദൈവത്തിൽനിന്നും ഒളിച്ചോടിയും മറഞ്ഞും ഇരിക്കുന്നവരാണോ ? സ്വയം പുകഴ്ത്തിയും സ്വയം പ്രശംസിച്ചും ദൈവത്തിന്റെ പേരിൽ സ്വയത്തിനായി മാത്രം ജീവിക്കുന്നവരോ നാം ?

ദൈവം അറിവില്ലായ്മയുടെ കാലങ്ങളെ ഗണ്യമാക്കുന്നില്ല. എന്നാൽ, നാം പാപത്തിലും കഷ്ടത്തിലും വേദനയിലും മരണത്തിലും കഴിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതേ, സ്നേഹമയനാം ദൈവം നമ്മെ ദൈവത്തിനായി വിളിക്കുകയാണ്. രക്ഷയുടെ സന്തോഷം അനുഭവിക്കുവാനും മരണശേഷമുള്ള നമ്മുടെ നിത്യത ദൈവത്തോടും സകല യേശുവിൽ വിശ്വസിച്ച സകല വിശുദ്ധരോടുംകൂടെ സന്തോഷത്തെ പങ്കിടുവാനും ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു. ഇനിയും വൈകരുത്. നിങ്ങൾ യേശുവിനെ നിങ്ങളുടെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടില്ല എങ്കിൽ ഇന്ന് അതിനുള്ള സമയമാണ്. പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ടു അറിവില്ലായ്മകളെയും പരാജയങ്ങളെയും ദൈവ സന്നിധിയിൽ പറഞ്ഞുകൊണ്ട് മാനസാന്തരപ്പെട്ടുകൊണ്ടു പ്രാർത്ഥിക്കുക. ദൈവം നമ്മെ ഒരുനാളും തള്ളിക്കളയുന്ന ദൈവം അല്ല. നാം അവിശ്വസ്തരായിരുന്നിട്ടും ദൈവം വിശ്വസ്തനായി നമ്മെ നടത്തി. എന്നാൽ, ഇനി ദൈവത്തോടു ചേർന്നു വസിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം.

എന്റെ നല്ല ദൈവമേ, എന്നിൽ ലേശവും നന്മയില്ല. എന്റെ നീതിപ്രവർത്തികളത്രെയും കറപുരണ്ട തുണികൾ മാത്രം. എന്റെ യേശുവേ, അങ്ങ് എന്റെ പാപങ്ങളെ കാൽവരി ക്രൂശിൽ ചുമന്നുകൊണ്ട് എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചുവല്ലോ. അങ്ങയുടെ ആ രക്തത്താൽ എന്നെ കഴുകി ശുദ്ധിചെയ്യേണമേ. അങ്ങയെ അനുസരിച്ചുകൊണ്ടു അങ്ങയുടെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ, അങ്ങയുടെ കൃപയാൽ എന്നെ നടത്തേണമേ. എന്നെ അങ്ങയുടെ മകനാക്കി തീർത്തതിനാൽ സ്തോത്രം ചെയ്യുന്നു.നിത്യത വരെയും എന്നെ വീഴാതെ കാക്കേണമേ, ക്രിസ്തുവിൽത്തന്നെ നടത്തേണമേ. ആമേൻ.

ഈ വചന ചിന്തകൾ നിങ്ങൾക്കു അനുഗ്രഹവും ജീവനും നൽകുമെന്നു കർത്താവിൽ പ്രത്യശിക്കുന്നു.

ദൈവം നിങ്ങളെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

Pr. ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവത്തിൽനിന്നു മറഞ്ഞിരുന്നുകൊണ്ടു നമുക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല, ദൈവത്തെക്കവിഞ്ഞും ഒന്നും ചെയ്യുവാൻ നമുക്കു സാധിക്കുകയില്ല. നാം ചെയ്യുന്നതെന്തും ക്രിസ്തുവിൽ മാത്രം ആയിരിക്കട്ടെ.

ഈ ബോധ്യം, ക്രിസ്തുവിൽ ജനിച്ച നാം ഓരോരുത്തർക്കും ക്രിസ്തുവിൽ വളരുവാനും ക്രിസ്തുവിൽ മാത്രം ആയിരിപ്പൻ സഹായിക്കുകയും ചെയ്യും.

കൊലൊസ്സ്യർ 3
1. ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ.
2. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.
3. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.
4. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

- DIVINE HOPE MISSIONARIES (BRISTOL, UK)

DIVINE HOPE MISSIONARIES
BRISTOL

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL